
# എവിടെ ആ സൗന്ദര്യഭൂമി

## (എ പാസ്സേജ് ടു അമേരിക്ക – ഒരു പുനർവായന)

### സുധീർ പണിക്കവീട്ടിൽ




വായിക്കുന്തോറും വായനക്കാരിൽ കൗതുകം വർദ്ധിപ്പിക്കുന്ന ഒരു പുസ്തകമാണ് പ്രൊഫസ്സർ ജോസഫ് ചെറുവേലിയുടെ എ പാസ്സേജ് ടു അമേരിക്ക. ചില പുസ്തകങ്ങൾ ഒന്നിൽ കൂടുതൽ തവണ വായിക്കുമ്പോൾ ഓരോ തവണയും പുതിയ പുസ്തകം വായിക്കുന്ന പ്രതീതിയുളവക്കാൻ കഴിയുന്നവയാണ്. എഴുന്നൂറ്റി അറുപത്തിയൊന്നു പുറങ്ങളിലായി പരന്നു കിടക്കുന്ന ഈ പുസ്തകം ഇന്നത്തെ തലമുറക്ക് ഗ്രഹാതുരത്വം പകരുമ്പോൾ വരും തലമുറ ഇത് ഉദ്വേഗത്തോടെ, ആകാംക്ഷയോടെ വായിക്കും, അത്ഭുതപരതന്ത്രരാകും. കാരണം പ്രതിദിനം മാറിക്കൊണ്ടിരിക്കുന്ന കേരളത്തിൻെറ ഭൂപ്രക്രുതി പുസ്തകങ്ങളിൽ വർണ്ണിച്ചിരിക്കുന്നതുമായി ഒരു ബന്ധവും കാണില്ലെന്നുള്ളത് തന്നെ. അതു ഭാവി തലമുറയെ വിസ്മയിപ്പിക്കും.

പുസ്തകത്തിൽ കുട്ടനാട്ടിലെ കണ്ണാടിയെന്ന ഗ്രാമത്തിൽ ജനിച്ച് വളർന്ന ഒരു ബാലൻ ബിരുദാനന്ത ബിരുദത്തിനു ശേഷം ഉപരിപഠനാർത്ഥം അമേരിക്കയിലെത്തുന്നതും ഇവിടത്തെ ”മെൽടിങ്ങ് പോട്ടിൽ“ അലിഞ്ഞു ചേരുന്നതുമായ സഭവബഹുലമായ വിവരങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഈ പുസ്തകത്തെ സാഹിത്യത്തിൻെറ ഏതു വിഭാഗത്തിലും ഉൾകൊള്ളിക്കാം. ഇതൊരു നോവലാണ്, ജീവചരിത്രമാണ്. അല്ലെങ്കിൽ ജന്മഭൂമിയിലും കുടിയേറിയ വിദേശഭൂമിയിലും അനുഭവിച്ച, പരിചയിച്ച ജീവിതവും സംസ്കാരവും, പ്രക്രുതിയും, ആചാരങ്ങളും വിവരിക്കുന്ന ഒരു വിജ്ഞാനകോശമാണ് എന്നൊക്കെ വായനക്കാരനു വിലയിരുത്താം.

ഇതിഹാസം എന്ന പദത്തിനു ''അങ്ങനെ സംഭവിച്ചത്'' എന്നർത്ഥമുണ്ടത്രെ. നമ്മൾക്ക് വലിയ നിശ്ചയമില്ലാത്ത കാര്യങ്ങളെ നമ്മൾ പുരാണമായി/ഇതിഹാസമായി കരുതാറുണ്ട്. പക്ഷെ പുരാണം എന്നാൽ അടുത്ത കാലത്ത് സംഭവിക്കാത്തത് എന്നാണു നിർവ്വചിച്ചിട്ടുള്ളത്. കേരളത്തിൻെറ പ്രക്രുതിഭംഗിയും, ഗ്രാമീണതയും, സൗമ്യതയുള്ള നാട്ടുക്കാരും പക്ഷിമ്രുഗാദികളുമെല്ലാം ഇന്നു നഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഈ പുസ്തകം വായിക്കുന്ന ഒരാളുടെ മനസ്സിൽ ഗ്രഹാതുരത്വം നിറയ്ക്കുന്ന വിധത്തിലാലാണ് ഈ പുസ്തകത്തിൻെറ. അതേസമയം നഷ്ട്ടപ്പെട്ടുപോയ ഒരു നല്ല കാലത്തെക്കുറിച്ച് ആദ്യം വായിച്ചറിയുന്നവരുടെ മനസ്സിൽ വിസ്മയാവഹമായി ഇതിലെ വർണ്ണനകൾ പതിഞ്ഞുപോകുകയും ചെയ്യും.

ഈ പുസ്തകം രചിച്ചിട്ട് ഇപ്പോൾ നാലു വർഷങ്ങൾ കഴിഞ്ഞു. പുസ്തകങ്ങൾ പഴയതാവുമ്പോൾ അതിലെ വിവരണങ്ങളും സംഭവങ്ങളും ചിലപ്പോൾ കെട്ടുകഥകളും, പുരാണങ്ങളുമായി തീരാറുണ്ട്. ആധുനികതയുടെ അതിപ്രസരത്തിൽ മനുഷ്യൻ സ്വീകരിക്കുന്ന ജീവിതരീതികളാണു അതിനുത്തരവാദികൾ. അതുകൊണ്ട് അവയെ പുരാണങ്ങൾ അല്ലെങ്കിൽ ഇതിഹാസങ്ങൾ എന്ന വിഭാഗത്തിലേക്ക് വായനക്കാർ തള്ളിവിടുന്നു. അത്തരം പുസ്തകത്തിലെ സ്ഥലങ്ങളും, ജീവിതരീതിയും ഭാഷയും പോലും മാറിപോകുന്നു. ഋതുഭേദങ്ങൾക്കൊപ്പം ദേശാടനം നടത്തുന്ന കിളികളും തിരിച്ച് വരുമ്പോൾ അവരുടെ നാടിനെക്കുറിച്ചുള്ള കണക്കുകൂട്ടലുകൾ തെറ്റിപ്പോയതായി കണ്ട് നിരന്തരം മാറുന്ന ഒരു പ്രദേശത്തേക്ക് മടങ്ങേണ്ടതില്ലെന്നു തീരുമാനിക്കുന്നത് കൊണ്ടായിരിക്കും ഇപ്പോൾ അത്തരം പക്ഷികളെ നമ്മൾ കാണാത്തത്.

ഭാരതത്തിലെ ഇതിഹാസങ്ങളായ ഭാരതവും, രാമായണവും പകർന്നു തരുന്ന വിവരങ്ങൾ വിശ്വസനീയങ്ങളാണോ? മഹാഭാരതത്തിൽ കുട്ടനാട് എന്ന സ്ഥലത്തെക്കുറിച്ച് പരാമർശമുണ്ട്. പാണ്ഡവരുടെ വനവാസകാലത്ത് അതൊരു വനമായിരുന്നു. മരങ്ങളാൽ നിബിഡമായ ഒരു പ്രദേശം. അവിടെ ഒരു വലിയ തീപിടുത്തമുണ്ടായി മരങ്ങൾ എല്ലാം വെന്തു കരിയായി. അതുകൊണ്ട് കുട്ടനാട്ടിലെ ചില സ്ഥലങ്ങളുടെ പേരു "കരി" എന്ന വാക്കിൽ

അവസാനിക്കുന്നു. ഉദാഹരണം മിത്രക്കരി, രാമങ്കരി , ചെന്നങ്കരി, കൈനകരി. ഈ സ്ഥലങ്ങൾ മുഴുവനായി അറിയപ്പെടുന്നത് "ചുട്ടനാട്" എന്ന പേരിലായിരുന്നുവെന്നും പിന്നീട് വാമൊഴിയിൽ വന്ന മാറ്റം കൊണ്ട് കുട്ടനാട് എന്നായി എന്നും പുരാണങ്ങൾ രേഖപ്പെടുത്തുന്നു. ഇത് കത്തിപ്പോയ ഖാണ്ഡവവനത്തെയാണു സൂചിപ്പിക്കുന്നത് എന്നു നാട്ടുക്കാർ വിശ്വസിച്ചിരുന്നു.

എന്നാൽ കുട്ടനാടിനെ ഇന്നു കാണുന്ന ഒരു വ്യക്തിക്ക് അതു പഞ്ച പാണ്ഡവരുടെ പാദസ്പർശമേറ്റ ഭൂമിയാണെന്നൊന്നും വിശ്വസിക്കാൻ കഴിയില്ല. ഇപ്പോൾ നമുക്ക് രേഖകൾ സൂക്ഷിക്കാനും, വിവരങ്ങൾ പകരാനും പങ്കു വയ്ക്കാനും ആധുനിക സങ്കേതങ്ങളുണ്ടു. എന്നാൽ ഭൂതകാലം ശ്രുതി സ്മ്രുതികളാൽ പുതിയ തലമുറക്ക് കൈമാറ്റചെയ്യപ്പെട്ടത്കൊണ്ട് വിവരങ്ങളുടെ ആധികാരിത ഇന്നും ചോദ്യമുനയിൽ നിൽക്കുന്നു. ഇന്നത്തെ ചിന്താഗതിക്ക് അവയെല്ലാം വെറും കെട്ടുകഥകൾ മാത്രം. ചിലപ്പോൾ ചരിത്രവും, പുരാണവും, കെട്ടുകഥകളും വസ്തുതകളും കെട്ടുപിണഞ്ഞ് കിടക്കുന്നു. ചരിത്രം ശാസ്ത്രം പോലെ തെളിയിക്കുക അത്ര എളുപ്പമല്ല. ചരിത്രപ്രധാനമായ വസ്തുതകൾ വസ്തുതകളായി നിലക്കൊള്ളുമ്പോഴും വർത്തമാനക്കാലത്തെ അറിവുകൾ വച്ച് നോക്കുമ്പോൾ അവയെല്ലാം അപ്പടി വിശ്വസിക്കാൻ പ്രയാസമുണ്ടാകുന്നു. കാരണം വർത്തമാനകാലത്തിനു ഉൾകൊള്ളാൻ കഴിയാത്ത കാര്യങ്ങൾ അത്ഭുതങ്ങളായി പരിഗണിക്കപ്പെടുന്നു.

മൊട്ടക്കുന്നുകളും തടാകങ്ങളും പാടശേഖരങ്ങളും നിറഞ്ഞു നിന്ന സ്ഥലം നികത്തി അവിടെ ആധുനിക കെട്ടിടസമുച്ചയങ്ങൾ നിറയുമ്പോൾ കാലാന്തരത്തിൽ അവിടെ താമരവിരിഞ്ഞു നിന്നിരുന്ന ഒരു കുളമുണ്ടായിരുന്നുവെന്ന് പറയുന്നത് വെറും മുത്തശ്ശിക്കഥയായി തീരും. നദികൾ, തോടുകൾ, അണക്കെട്ടുകൾ, വഞ്ചികൾ, പത്തേമാരികൾ, ബോട്ടുകൾ, കൊച്ചോടങ്ങൾ, നെൽപ്പാടങ്ങൾ, മരങ്ങൾ, സസ്യജാലങ്ങളും, കുറ്റിചെടികളും, വീട്ടുമ്രുഗങ്ങളും, ദേശാടനകിളികളും, ഇഴജന്തുക്കളും, വീടുകളും, പാലങ്ങളും, വേലിക്കെട്ടുകളും, നെറ്റിയിൽ വിയർപ്പുമായി നിൽക്കുന്ന തൊഴിലാളികളും, നാട്യവും കാപട്യവുമില്ലാത്ത നാഗരികതയുടെ സ്പർശമേൽക്കാത്ത ഗ്രാമീണ ഭംഗി.യും നിറഞ്ഞു നിന്ന ഒരു പ്രദേശത്തിന്റെ മുഖഛായ മാറ്റിക്കളയുന്നു മനുഷ്യന്റെ സൗകര്യങ്ങൾക്ക് വേണ്ടിയുള്ള പുരോഗതി എന്ന അനിവാര്യത. അതേപോലെ അന്നത്തെ ജനങ്ങളും, ജീവിതരീതിയും വിശ്വാസങ്ങളുമെല്ലാം നഷ്ടപ്പെട്ടുപോകരുതായിരുന്നുവെന്ന് വരും തലമുറ തീർച്ചയായും ആഗ്രഹിച്ചേക്കാം. മതവ്യത്യാസം കണക്കിലെടുക്കാതെ ചില ആചാരങ്ങൾ എല്ലാ

മതക്കാരും ആചരിച്ചിരുന്നതായി പുസ്തകത്തിൽ കാണുന്നുണ്ട്. ശിശുവായിരുന്നപ്പോൾ ഗ്രന്ഥകാരൻെറ ജന്മനാൾ നോക്കി മനസ്സിലാക്കിയതായി എഴുതിയിട്ടുണ്ട്. അതു നാളുകളിലെ ആദ്യനാളായ അശ്വതിയാണെന്നും ആ നാളുക്കാർക്ക് സരസ്വതിപ്രസാദം (വിദ്യ) ഉണ്ടാകുമെന്നും എന്നാൽ ലക്ഷ്മി പ്രസാദം (ധനം) കാര്യമായി ഉണ്ടാകില്ലെന്നും വിശ്വസിച്ചിരുന്നുവത്രെ. കൂടാതെ മാസങ്ങൾ മാത്രം പ്രായമുണ്ടായിരുന്നപ്പോൾ അദ്ദേഹത്തെ അമ്മവീട്ടിൽ നിന്നും അച്ഛൻെറ വീട്ടിലേക്ക് കൊണ്ടുപോകാനുള്ള വള്ളം തയ്യാറായപ്പോൾ വയറ്റാട്ടിയുടെ ഭർത്താക്കന്മാരിൽ ഒരാൾ യാത്ര സുരക്ഷിതമാകാൻ അടുത്തുള്ള ദേവി ക്ഷേത്രത്തിൽ വഴിപാട് കഴിക്കുന്നതായും പറയുന്നുണ്ട്. തമ്പ്രാക്കന്മാരുടെ കുഞ്ഞുങ്ങളുടെ ദീർഘായുസ്സും സൗഖ്യവും ഉറപ്പു വരുത്താൻ അടിയാന്മാർ അവരാൽ കഴിയുന്നത് എന്തും ചെയ്തിരുന്നു. അന്നത്തെ സാമൂഹ്യ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന ഇത്തരം വിവരങ്ങൾ. ഈ കാലഘട്ടത്തിൽ മതസഹിഷ്ണതയും, സൗഹാർദ്ദവും ക്ഷയിച്ച് വരുന്ന സൂചന വാർത്ത മാധ്യമങ്ങളിൽ നിറയുന്നു.

മേഘങ്ങളുടെ മേലാപ്പിനു താഴെ കൊയ്ത്തു കഴിഞ്ഞ വയലിൽ പശുക്കൾ പുല്ലുമേയുമ്പോൾ അവിടേക്ക് താറവുകളെ തീറ്റക്കായി ഇറക്കിവിടുന്നത് കുട്ടനാട്ടിലെ കാഴ്ച്ചകളിൽ ഒന്നാണു. കുട്ടനാടിൻെറ പ്രക്രുതി സൗന്ദര്യവും ജീവിതരീതികളും നല്ല എഴുത്തുകാരെ മലയാള ഭാഷക്ക് സമ്മാനിച്ചു. പുറക്കാട്ടു കടപ്പുറത്തുകൂടി നടന്നു പോകുന്ന എഴുത്തുകാരനായ ഒരു യുവവക്കീൽ അടുത്തുള്ള മുക്കുവകുടിലിൽ നിന്നും ഒരു വിളി കേൾക്കുന്നു. “കറുത്തമ്മാ”. ആ വിളി അദ്ദേഹത്തിൻെറ സർഗ്ഗകൗതുകങ്ങളെ തട്ടിയുണർത്തി.. വിശ്വസാഹിത്യത്തിലെ വിവിധ ഭാഷകളിൽ നിറഞ്ഞ് നിൽക്കുന്ന ഒരു പ്രണയ കഥക്ക് രൂപം നൽകി. “ വൈക്കം കായൽ ഓളം തല്ലുന്ന വഴിയെ അവിടെ കൊയ്ത്തിനു വന്ന ഒരു വടക്കത്തി പെണ്ണാളിനെ മോഹിച്ച് നിന്ന ഒരു താറാവുകാരൻെറ വിരഹഗാനം കാവാലം നാരായണപണിക്കർ മഹോഹരമായി എഴുതിയിട്ടുണ്ടു. ആളൊഴിഞ്ഞ മൈലപ്പാട നടുവരമ്പത്ത്, അതിരുവരമ്പത്ത്, ആയിരം താറാക്കാറനിലവിളിയില്, എൻെറ മനസ്സിൻെറ കനറ്റലു നീ കേട്ടോ? കേട്ടില്ലേ? വടക്കത്തി പെണ്ണാളേ...എന്നാൽ നെൽപ്പാടങ്ങൾ നികത്തപ്പെടുമ്പോൾ താറാവുകൾക്ക് ഇരതേടാൻ ഇടമില്ലാതാകുന്നു. അവിടെ താറാവുകൾ വരാതാകുന്നു. വഴിക്കണ്ണുമായി കാത്തിരിക്കാൻ കാമുകിമാർ ഇല്ലാതാകുന്നു. കാരണം സാങ്കേതികവിദ്യയുടെ സഹായത്താൽ പ്രണയസാഫല്യങ്ങൾ ഇപ്പോൾ എളുപ്പം നിറവേറുന്നു. പ്രണയത്തിനു തന്നെ ഒരു പുതിയ മുഖം കൈവരുന്നു. റാണിമംഗലം കായൽ തീരത്തേക്ക് നെൽകതിരുകൾ കൊയ്യാനായി തേച്ച് മൂർച്ച

വരുത്തിയ അരിവാളുമേന്തി തോണിയിൽ പോകുന്ന കർഷകരുടെ പാട്ടിൽ നിന്നും രണ്ടു വരി ഈ പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്. വെമ്പനാട്ടുകായലിലെ കരയോട് സമീപമുള്ള സ്ഥലങ്ങൾ വരമ്പുകൾ ഉയർത്തി വെള്ളം വറ്റിച്ച് അവിടെ ക്രുഷി നടത്തിയിരുന്നു. അത്തരം സ്ഥലങ്ങൾക്കും കായൽ എന്നാണു പറഞ്ഞിരുന്നത്. തിരുവതാങ്കൂർ കൊട്ടാരത്തിലെ രാജാവായിരുന്ന ചിത്തിര തിരുന്നാൾ രാജാവിൻെറ നാമത്തിൽ ചിത്തരമംഗലം കായൽ ഉണ്ടായിരുന്നു. അതെപോലെ തന്നെ വേറൊരു കായലാണു 24000 കായൽ. ഇവിടേക്ക് കൊയ്ത്തിനു വരുന്ന ആണുങ്ങളും പെണ്ണുങ്ങളും തമ്മിൽ പ്രണയബദ്ധരാകുന്നു. അങ്ങനെ പ്രണയസുരഭിലമായ ഓർമ്മകൾ അയവിറക്കി ഒരു കാമുകൻ അവൻെറ ഇഷ്ടപ്രാണേശ്വരിയോട് പുന്നാരം പറയുന്നു ഇങ്ങനെ.

കണ്ടങ്കരി പുഞ്ചയിലെ പൊന്നുകൊയ്യണ പെണ്ണാളെ
കറ്റയേന്തി കളത്തിൽ വന്നെൻ കാതിൽ ഒന്നു പാടാമോ?

കേരളത്തിൻെറ നെല്ലറ എന്നു വിശേഷിപ്പിച്ചിരുന്ന കുട്ടനാട്ടിലെ കർഷകരുടെ എണ്ണം കുറയുന്നു, ക്രുഷിഭൂമിയുടെ വിസ്താരം കുറയുന്നു. ഭൂതകാലത്തിൻെറ സമ്രുദ്ധി പുസ്തകതാളുകളിൽ മാത്രം ഒതുങ്ങിപോകുന്ന ഒരവസ്ഥക്ക് പുതിയ തലമുറ സാക്ഷ്യം വഹിക്കാൻ പോകുന്നു. ചുണ്ടും പിളർത്തിച്ചുരുളൻ മുടിയുമായ് മുണ്ടകകപാടങ്ങൾ കാത്ത് കിടക്കയാം, കെട്ടിപ്പുണരുവാൻ കൈനീട്ടി നിൽക്കയാം കേരമനോഹരകേരളത്തോപ്പുകൾ, മഞ്ഞിൽ വിടർന്ന നിലാവ് ചൂടിക്കൊണ്ടു, മജ്ഞുനിശകളിങ്ങൂയലാടുന്ന നാൾ, അങ്ങനെയൊക്കെ നമ്മുടെ ഇടശ്ശേരിയും എഴുതി വച്ച കേരളത്തിൻെറ മനോഹാരിത നഷ്ടമാകുന്നു എന്ന ദുഃഖം ഇന്നത്തെ തലമുറയ്ക്കും ആ മനോഹരതീരം എങ്ങനെ നഷ്ടമായിയെന്ന അവിശ്വസനീയത പുതിയ തലമുറയ്ക്കും ഉണ്ടാകും.

പ്രൊഫസ്സർ ചെറുവേലിയുടെ കണ്ണുകൾക്ക് മുന്നിൽ കുട്ടനാടിൻെറ സൗന്ദര്യം അതിൻെറ എല്ലാ മുഗ്ധഭാവങ്ങളും ഉൾക്കൊണ്ട് നിൽക്കുന്നു. അതു മനോഹരമായ വാക്കുകളിലൂടെ പകർത്തിവയ്ക്കാൻ അദേഹം വെമ്പൽ കൊള്ളുന്നതായി വായനക്കാരനു അനുഭവപ്പെടും. നീലാകാശത്തിനു കസവു കര തുന്നുന്ന പൊൻവെയിൽ, ഈർപ്പം മുറ്റി നിൽക്കുന്ന അന്തരീക്ഷം, കൂട്ടം കൂട്ടമായി പറക്കുന്ന ദേശാടനക്കിളികൾ. കുട്ടനാടിൻെറ ജീവനാഡിയായ പമ്പനദിയുടെ ഉപനദികളിലൂടെയുള്ള തോണിയാത്ര. വെള്ളാമ്പലുകളും കുഴവാഴകളും മൂടുന്ന വെള്ളത്തിനുമേൽ മാംസപേശികൾ വിറപ്പിച്ച്കൊണ്ട് കഴുക്കോൽ കുത്തുന്ന തോണിക്കാരൻ. നദിക്കരയിലെ തെങ്ങുകളിൽ ഇളം കാറ്റേറ്റ് ഭംഗിയോടെ ഇളകുന്ന തെങ്ങോലകൾ. തോണിയാത്രക്കാരെ ഗൗനിക്കാതെ ധ്യാനത്തിൽ

മുഴുകിയിരിക്കുന്ന കൊക്കുകൾ, ജലോപരിതലത്തിലേക്ക് ചാടിവരുന്ന മീനിനെ കൊത്തിപ്പറക്കുന്ന നീലപൊന്മാൻ. ഇടക്കിടെ മൂത്രമൊഴിക്കാനെന്നും പറഞ്ഞ് വഞ്ചി കരയിൽ അടുപ്പിച്ച് അപ്രത്യക്ഷനാകുന്ന വഞ്ചിക്കാരൻ. ഗ്രന്ഥകാരൻെറ കൗമാരപ്രായത്തിൽ വഞ്ചിക്കാരൻെറ ഇടവേളകളുടെ രഹസ്യം മനസ്സിലായില്ലെങ്കിലും മദ്യം സേവിക്കാനാണെന്നു പിന്നീട് അദ്ദേഹം അറിയുന്നു. വഞ്ചിക്കാരുടേയും യാത്രക്കരുടെയും ദാഹശമനാർത്ഥം പ്രവർത്തിച്ചിരുന്ന കള്ളു ഷാപ്പുകൾ പക്ഷെ ഇന്നും അവശേഷിക്കുന്നു.

ഗ്രാമലാളിത്യം കവർന്നെടുത്ത് നാഗരികതയും ശാസ്ത്രവും അവിടെ പരിഷ്ക്കാരത്തിൻെറ ചിത്രം വരയ്ക്കുന്നു. നഷ്ടപ്പെടുന്ന പഴമയുടെ വിവരണങ്ങൾ അക്ഷരങ്ങളിൽ സുഭദ്രമെങ്കിലും വീണ്ടും അവയുടെ പുനർജ്ജനി അസംഭവ്യമാണ്. അതുകൊണ്ട് മനുഷ്യരാശിക്ക് എന്തായിരിക്കും നഷ്ടമാകുക. പ്രക്രുതിയെ നശിപ്പിക്കുന്നത്കൊണ്ട് മാനവരാശി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവരുടെ തന്നെ ചിന്തകൾക്കതീതമാണ്. അമ്പതുകളിലേയും അറുപതുകളിലേയും കുട്ടനാടിൻെറ സൗന്ദര്യവും അവിടത്തെ മനുഷ്യരുടെ ജീവിതരീതിയും അറിയാൻ പുസ്തകങ്ങൾ തപ്പുന്ന ഭാവി തലമുറക്ക് ഈ പുസ്തകവും സഹായകമാകും.അവർ ഇത് വായിച്ച് ചോദിച്ചേക്കാം എവിടെയാണാ സൗന്ദര്യഭൂമി?

# ശുഭം